പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1287

30.09.2011-ൽ മറുപടിയ്ക്ക്

## ദേശീയ തൊഴിലുറപ്പു പദ്ധതിയിലെ ക്രമക്കേടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. കെ. എം. ഷാജി<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ ചില സ്ഥലങ്ങളിൽ നിർമ്മാണം തീരും മുമ്പ് ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കാൻ ശ്രമം നടന്നകാര്യം മാതൃകാ സോഷ്യൽ ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തുകയുണ്ടായോ; | എ. നിർമ്മാണം തീരും മുമ്പ് ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്ന കാര്യം മാതൃകാ സോഷ്യൽ ഓഡിറ്റ് നടന്ന ഇടങ്ങളിൽ കണ്ടെത്തിയിട്ടില്ല. |
| ബി. പരിശോധനക്കെത്തുന്ന സോഷ്യൽ ഓഡിറ്റ് സംഘത്തിനെതിരെ കയ്യേറ്റ ശ്രമം നടത്താനൊരുങ്ങിയതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി. ഇല്ല. |
| സി. മാതൃകാ സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കിയോ; എങ്കിൽ റിപ്പോട്ട് ഇതിനകം സമർപ്പിക്കുകയുണ്ടായോ ; വിശദാംശങ്ങൾ നൽകുമോ; | സി. മാതൃകാ സോഷ്യൽ ഓഡിറ്റ് നടന്ന 14 ജില്ലകളിലും പൂർത്തിയായി. ഈ റിപ്പോർട്ടുകളെല്ലാം ക്രോഡീകരിച്ചുകൊണ്ടുള്ള സമാഹൃത റിപ്പോർട്ട് തയ്യാറാക്കി വരികയാണ്. |
| ഡി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ പദ്ധതികൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടി കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ ; | ഡി. മാതൃകാ സോഷ്യൽ ഓഡിറ്റ് നടന്ന ഒരു പഞ്ചായത്തിലെ കുറ്റകാർക്കെതിരെ പിരിച്ചുവിടൽ, ക്രിമിനൽ കേസെടുക്കൽ, വിജിലൻസ് അന്വേഷണം, വകുപ്പ് തല അന്വേഷണം, നഷ്ടം ഈടാക്കൽ എന്നിവ ഉൾപ്പെടെയുള്ള നടപടികളെടുക്കുവാൻ സർക്കാർ തീരുമാനിച്ചതനുസരിച്ച് നടപടികൾ പുരോഗമിച്ചു വരുന്നു. മറ്റ് പഞ്ചായത്തുകളിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റകാർക്കെതിരെ നടപടി എടുക്കുന്നതാണ്. |
| ഇ. തൊഴിൽ നിഷേധിക്കുന്നവരുടെ പരാതികൾ പലയിടത്തും രജിസ്റ്റർ ചെയ്യുന്നില്ലായെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ? | ഇ. ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ